പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5486

28/07/2015 ൽ മറുപടിക്ക്

താറാവ് കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കർഷകർക്ക് താറാവ് വിതരണം ചെയ്തതിന്റെ മാനദണ്ഡം എന്തായിരുന്നു; അർഹതപ്പെട്ട കർഷകർക്ക് താറാവിനെ നൽകാൻ ഉദ്യോഗസ്ഥർ തയ്യാറാകാത്ത സാഹചര്യത്തിൽ, കർഷകർ മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) മൂന്ന് വർഷം താറാവുകളെ വളർത്തി പരിചയമുള്ള കർഷകർക്കും, മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കും മുൻഗണന നൽകിയാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത്.<br>മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ, ശ്രീ. കെ. സുഗതൻ, കോമന, അമ്പലപ്പുഴ, രണ്ടുപറയിൽ , അമ്പലപ്പുഴ, ശ്രീ. കെ.വി.രവീന്ദ്രൻ പുഷ്പാലയം, കരുമാടി പി.ഒ, അമ്പലപ്പുഴ എന്നിവർക്ക് താറാവിനെ നൽകിയിരുന്നോ; വിശദാംശം നൽകുമോ; | ബി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷത്തെ താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി ശ്രീ. കെ. സുഗതൻ എന്ന വ്യക്തിക്ക് 500 താറാവുകളെ അനുവദിച്ചിട്ടുണ്ട്. 2013-14 വർഷത്തെ താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി ശ്രീ. കെ. വി. രവീന്ദ്രൻ എന്ന വ്യക്തിക്ക് 250 താറാവുകളെ അനുവദിച്ചിട്ടുണ്ട്. |
| (സി) താറാവ് കർഷകരായ ഇവരുടെ താറാവുകൾ പക്ഷിപ്പനി മൂലം | (സി) ശ്രീ. കെ. സുഗതൻ ,ശ്രീ. കെ. വി. രവീന്ദ്രൻ എന്നീ വ്യക്തികൾ താറാവ് നഷ്ടപ്പെട്ടതിന് |

ചത്തതിനെ തുടർന്ന് നഷ്ടപരിഹാരത്തിനായി ഇവർ അപേക്ഷകൾ നൽകിയിരുന്നോ; വ്യക്തമാക്കാമോ;

നഷ്ടപരിഹാരത്തിനായി ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ അപേക്ഷിച്ചിരുന്നു. എന്നാൽ പരിശോധനയിൽ ശ്രീ. കെ. സുഗതൻ എന്ന വ്യക്തിയുടെ താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിരുന്നില്ല. ശ്രീ. കെ. വി. രവീന്ദ്രൻ എന്ന വ്യക്തിയുടെ താറാവ് പക്ഷിപ്പനി ബാധയ്ക്ക് മുമ്പ് തന്നെ ചത്തുവെന്ന് കൺട്രോൾ റൂമിലും വെറ്ററിനറി ഹോസ്പിറ്റലിലും റിപ്പോർട്ട് ചെയ്തിരുന്നുവെന്ന് പരാതിക്കാരൻ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും അവിടത്തെ വെറ്ററിനറി സർജനും എ.ഡി.സി.പി ജില്ലാ കോ-ഓർഡിനേറ്ററും ഇതു നിരസിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഇവർ നൽകിയ ഹർജി സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ഈ കർഷകർ വിവരാവകാശ നിയമപ്രകാരം മൃഗസംരക്ഷണ വകുപ്പിൽ നിന്നും താറാവ് വിതരണത്തിന്റെ വിവരങ്ങൾ ശേഖരിച്ചതിലും, മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയതിലുമുള്ള വിദ്വേഷം മൂലം ജില്ലാ മൃഗസംരക്ഷണ ഓഫീസറും മറ്റ് ഉദ്യോഗസ്ഥരും നഷ്ടപരിഹാരം നൽകാതിരിക്കാൻ തെറ്റായ രീതിയിൽ പ്രവർത്തിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ല.

| | |
|---|---|
| (ഇ) ഉണ്ടെങ്കിൽ ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ ഒരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഇ) ബാധകമല്ല. |
| (എഫ്) ഇതു സംബന്ധിച്ച് സെക്രട്ടേറിയറ്റ് മൃഗസംരക്ഷ വകുപ്പിൽ നിലവിലുള്ള ഫയൽ നമ്പർ 135/ജി3/2015/എ.എച്ച്.ഡി, 148/ജി3/2015/എ.എച്ച്.ഡി എന്നിവയിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ